# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 836 — 12.12.2012-ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളുടെ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ലാബുകൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ് ; | (എ) ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അനുമതി മാത്രം മതിയാകും. |
| (ബി) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് കൊടുക്കുന്നത് പഞ്ചായത്തുകളാണോ ; എങ്കിൽ ഇതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഇപ്പോൾ സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകുന്നത് പഞ്ചായത്തുകളാണ്. വകുപ്പ് തയ്യാറാക്കി വരുന്ന ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ മാറ്റം വരുന്നതാണ്. |
| (സി) ഒരേ ടെസ്റ്റ് വിവിധ സ്വകാര്യ ലാബുകളിൽ നടത്തുമ്പോൾ വ്യത്യസ്തമായ റിപ്പോർട്ട് കിട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഒരേ പരിശോധന, വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെയും, ഉപകരണങ്ങളിലൂടെയും ചെയ്താൽ ചെറിയ വ്യത്യാസങ്ങൾ കണ്ടുവരാറുണ്ട്. |
| (ഡി) സ്വകാര്യ ലാബുകളെ നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ? | (ഡി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ തയ്യാറാക്കി വരികയാണ്. താമസം വിനാ ബിൽ നിയമസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. ഈ ബിൽ നിലവിൽ വരുന്നതോടെ പ്രസ്തുത സ്ഥാപനങ്ങളുടെ മേൽ വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ്. |

സെക്ഷൻ ഓഫീസർ